## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2779 21.06.2012 ൽ മറുപടിക്ക്**

**ഗ്രാമീണ റോഡുകളെ മേജർ റോഡുകളാക്കൽ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി. ജോർജ്:<br>ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ.വി.പി. സജീന്ദ്രൻ:<br>ശ്രീ. എം.എ. വാഹീദ്: | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത്വകുപ്പു മന്ത്രി) |
| (എ)സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ മേജർ റോഡുകളാക്കുവാനുള്ള കാരണങ്ങൾ എന്തൊക്കെയാണ് ; | (എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അഭ്യർത്ഥനയെമാനിച്ചും അധികരിച്ച വാഹന ഗതാഗതം കണക്കിലെടുത്തുമാണ് ഗ്രാമീണ റോഡുകൾ മേജർ ജില്ലാ റോഡുകളായി പ്രഖ്യാപിക്കുന്നത്. |
| (ബി) എത്ര കി. മീ. ഗ്രാമീണ റോഡുകളാണ് മേജർ റോഡുകളായി പ്രഖ്യാപിച്ച് വകുപ്പിന് കീഴിൽ കൊണ്ടുവന്നിട്ടുള്ളത് ; | (ബി) 14.8.2009 ലെ സർക്കാർ ഉത്തരവ് പ്രകാരം 7365 കി.മീ. റോഡുകളും 07.01.2012 ലെ സർക്കാർ ഉത്തരവ് പ്രകാരം 8570 കി.മീ. റോഡുകളും മേജർ റോഡുകളായി പ്രഖ്യാപിച്ച് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിനുകീഴിൽ കൊണ്ടുവന്നിട്ടുണ്ട്. |
| (സി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ പറയാമോ;<br><br>(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് എന്ത് തുക വകയിരുത്തിയിട്ടുണ്ട് ? | (സി) & (ഡി) ധനകാര്യ മന്ത്രിയുടെ 2012-'13 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 50 കോടി രൂപ ഏറ്റെടുത്ത റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി വകയിരുത്തിയിട്ടുള്ളതായി പ്രഖ്യാപിച്ചിട്ടുണ്ട്. തുക അനുവദിച്ച് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പുനരുദ്ധാരണ പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ